
# ഇ.എൽ. ഏലിക്കുട്ടി: പ്രതീകവും മാതൃകയും



**കോ**ളജ് വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ആയിരിക്കെ ഒരു ദിവസം സർവ്വീസ് സംബന്ധമായ ഒരാവശ്യവുമായി ഞാൻ സെക്രട്ടേറിയറ്റിൽ പോകാനിടയായി. അന്ന് സർക്കാർ സർവ്വീസിൽ ഞാൻ തുടക്കക്കാരനാണ്. സെക്രട്ടേറിയറ്റിൽ പരിചയമൊന്നുമില്ല. ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ബന്ധപ്പെട്ട ഓഫീസറുടെ മുറിയിൽ അല്പം ആശങ്കയോടെ കടന്നുചെന്നപ്പോൾ അവിടെ ഉണ്ടായിരുന്ന മാഡം ക്ഷമയോടെ ഞാൻ പറഞ്ഞതൊക്കെ കേട്ട്, പണ്ടേ പരിചയമുള്ള ഒരു സ്നേഹിതനോടെന്നപോലെ സൗഹൃദപൂർവം പെരുമാറിയത് എന്നെ അത്ഭുതപ്പെടുത്തി, അവർ നിർദ്ദേശിച്ചതനുസരിച്ച് പിറ്റേന്ന് ഞാൻ ചെന്നപ്പോൾ പ്രസന്നവദനയായി എനിക്കാവശ്യമുള്ള ഓർഡർ എന്റെ കൈയിൽ തന്നശേഷം ഒരു ഫയലുമെടുത്ത് സെക്രട്ടേറിയറ്റിന്റെ ഇടനാഴിയിലൂടെ മാഡം പാഞ്ഞു: "സംസാരിച്ചിരിക്കാൻ സമയമില്ല. എനിക്ക് നല്ല തിരക്കുണ്ട്." എന്നു വിളിച്ചു പറയുന്ന എടുപ്പും നടപ്പും!




ഒരു പരിചയവുമില്ലാത്ത ഞാൻ ഒരു ശിപാർശയും കൂടാതെ ചെന്നപ്പോൾ എന്നോട് ഇത്ര കാരുണ്യം കാട്ടിയ ഈ സ്ത്രീയോട് എനിക്ക് ഏറെ നന്ദിയും വലിയ ബഹുമാനവും തോന്നിയത് സ്വാഭാവികം. 'ഏലിക്കുട്ടി സാർ' എന്ന് എല്ലാവരും വിളിക്കുന്ന ആ ഓഫീസർ ചടുലമായ സംസാരവും ഹൃദ്യമായ പെരുമാറ്റവും സഹായിക്കാനുള്ള സന്മനസ്സും വറ്റാത്ത ഊർജ്ജസ്വലതയും കൊണ്ട് തന്റെയടുത്തെത്തുന്ന സകലരുടെയും ഹൃദയം കീഴടക്കുന്നുണ്ടെന്ന് മറ്റുള്ളവരുടെ സംഭാഷണങ്ങളിൽ നിന്നും ഞാൻ മനസ്സിലാക്കി.

### സെക്രട്ടേറിയറ്റിലെ താരം

പിൽക്കാലത്ത്, ഇടയ്ക്കൊക്കെ സെക്രട്ടേറിയറ്റിൽ ഓരോ ആവശ്യവുമായി പോകേണ്ടി വന്നപ്പോഴൊക്കെ ഇ.എൽ. ഏലിക്കുട്ടി എന്ന ഈ ഓഫീസറെ ഞാൻ ചെന്നു കണ്ടുകൊണ്ടിരുന്നു. അവരെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുവാൻ ഈ അടുപ്പം എന്നെ സഹായിച്ചു. കേരള സർവ്വകലാശാലയിൽ ജോലി ചെയ്തിരുന്ന കാലത്ത് സെക്രട്ടേറിയറ്റിലെ എന്റെ പരിചയക്കാരുടെ എണ്ണം ക്രമേണ വർദ്ധിച്ചുവന്നു. അവരിൽനിന്ന് ഏലിക്കുട്ടി സാറിന്റെ കർമ്മകുശലതയെക്കുറിച്ചും ഫയൽ കൈകാര്യം ചെയ്യുന്നതിൽ അവർക്കുള്ള സാമർത്ഥ്യത്തെക്കുറിച്ചും അച്ചടക്കത്തിന്റെ കാര്യത്തിൽ അവർക്കുള്ള നിർബന്ധബുദ്ധിയെക്കുറിച്ചും കർക്കശമായ നിലപാടുകൾ എടുക്കുമ്പോഴും ആവശ്യക്കാരോട് അനുഭാവം നിലനിർത്തുന്ന അവരുടെ ശൈലിയെക്കുറിച്ചുമൊക്കെ ഒത്തിരി കേൾക്കാനിടയായി. വിദ്യാഭ്യാസം, റവന്യൂ, ഫിഷറീസ്, സാമൂഹിക ക്ഷേമം തുടങ്ങിയ വകുപ്പുകളിലൂടെ ഏണിപ്പടികൾ കയറി, സ്പെഷൽ സെക്രട്ടറി പദവി വരെ അവർ എത്തിയതും റിട്ടയർമെന്റിനുശേഷം റവന്യൂ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായി പ്രവർത്തിച്ചതുമൊക്കെ ഞാൻ താല്പര്യപൂർവം ശ്രദ്ധിച്ചുകൊണ്ടേയിരുന്നു. ജോലിയോടുള്ള ആത്മാർത്ഥതയും ഭരണപരമായ ഉൾക്കാഴ്ചയും കഠിനാദ്ധ്വാനത്തിനുള്ള ശേഷിയും കറപുരളാത്ത വ്യക്തിത്വവും ഏലിക്കുട്ടി സാറിനെ സെക്രട്ടേറിയറ്റിലെ ഒരു താരമായി എന്നും നിലനിർത്തി. തന്റെ മുന്നിലെത്തുന്ന മനുഷ്യരോട് സഹാനുഭൂതിയോടെയും അനുകമ്പയോടെയും പെരുമാറിയിരുന്ന ഈ ബ്യൂറോക്രാറ്റ് ഫയലുകളിൽ തുടിക്കുന്ന മനുഷ്യഹൃദയങ്ങളുടെ മിടിപ്പിനു നേരെ തന്റെ കാതുകൾ എന്നും തുറന്നുപിടിച്ചിരുന്നു.

### ഫയലുകൾക്കപ്പുറത്തുള്ള ഓഫീസർ

എന്നാൽ, ഫയലുകൾക്കപ്പുറത്തുള്ള 'ഏലിക്കുട്ടി ആന്റി'യാണ് എന്നെ കൂടുതൽ അത്ഭുതപ്പെടുത്തിയത്. പലയിടങ്ങളിൽ നിന്നും പ്രത്യേകിച്ച്, കോട്ടയം ജില്ലയിൽ നിന്ന്, ഒട്ടേറെപ്പേർ ആന്റിയെ തേടി വരാറുണ്ടായിരുന്നു. അവരിലേറെയും വിദ്യാർത്ഥികളോ ആർ.സി.സിയിലും മെഡിക്കൽ കോളജിലും മറ്റും ചികിത്സാർത്ഥം വരുന്നവരോ സർക്കാർ ഓഫീസുകളിൽ നിന്ന് ഓരോരോ കാര്യങ്ങൾ സാധിക്കേണ്ടവരോ ഒക്കെ ആയിരുന്നു. ക്നാനായ സമുദായക്കാരിയായ 'ഏലിക്കുട്ടി സാറി'നെ തേടി വരുന്ന വൈദികരും കന്യാസ്ത്രികളും ധാരാളം. സമുദായ സ്നേഹിയായ ഏലിക്കുട്ടി ആന്റി കോട്ടയം രൂപതയിൽപ്പെട്ട സഹോദരങ്ങൾ ഏതാവശ്യം പറഞ്ഞു വന്നാലും ഉചിതമായ മാർഗ്ഗനിർദ്ദേശം നല്കി അവരെ സഹായിച്ചുപോന്നു. ആവശ്യക്കാരെയും ആവലാതിക്കാരെയും സഹായിക്കാൻ തലസ്ഥാനത്തുള്ള തന്റെ സുഹൃത്തുക്കളുടെ വിപുലമായ നെറ്റ്വർക്ക് അവർ പ്രയോജനപ്പെടുത്തി.



ഗൗരീശപട്ടത്തുള്ള ആന്റിയുടെ വീട് എല്ലാവർക്കും വേണ്ടി തുറന്നിട്ട ഒരു അഭയകേന്ദ്രമായിരുന്നു. ആറു മക്കൾ- ബീന, ശുഭ, സുജ, റാണി, സെലിൻ, ജേക്കബ്- വളരുന്ന ആ ഭവനം, സന്ദർശകരുടെ സാന്നിദ്ധ്യം കൂടി ആകുമ്പോൾ മിക്കവാറും 'ഹൗസ് ഫുൾ' ആയിരുന്നു എന്നു ഞാൻ പറഞ്ഞുകേട്ടിട്ടുണ്ട്. കേരള സർക്കാരിന്റെ ആരോഗ്യ വകുപ്പിൽ ജോലി ചെയ്തിരുന്ന സമാന മനസ്കനായ ഭർത്താവ് പി.സി. മാത്യു നല്കിയ കരുതലും കരുണയും സഹകരണവും ആ ഗൃഹാന്തരീക്ഷത്തെ മാതൃകാപരമായി നിലനിർത്തി.

അഭിരുചികളിലെ വൈവിധ്യം കൊണ്ട് 'ഏലിക്കുട്ടി ആന്റി' എന്നെ വിസ്മയിപ്പിച്ചു. സ്ത്രീശാക്തീകരണത്തിന്റെ വക്താവും പ്രയോക്താവുമായതിനാൽ വനിതാ സംഘടനകൾക്ക് വേണ്ടിയുള്ള പ്രസംഗങ്ങളും ആകാശവാണിയുടെ മഹിളാലയം പരിപാടികളുമൊക്കെ ആന്റി ഒരു നിയോഗംപോലെ ഏറ്റെടുത്തുകൊണ്ടിരുന്നു. സ്ത്രീശാക്തീകരണത്തെക്കുറിച്ച് നമ്മുടെ നാട്ടിൽ ആളുകൾ ഉറക്കെ ചിന്തിച്ചു തുടങ്ങുന്നതിനു മുമ്പേതന്നെ, സ്ത്രീകൾ വിദ്യയിലൂടെ വളരണമെന്നും സമൂഹത്തിന്റെ പുരോഗതിയിൽ തങ്ങളുടേതായ പങ്കു വഹിക്കണമെന്നും തൊഴിൽ ചെയ്തു സാമ്പത്തികമായ സ്വാശ്രയത്വം നേടണമെന്നുമൊക്കെ ഉദ്ബോധിപ്പിക്കുക മാത്രമല്ല, തന്റെ ജീവിതംകൊണ്ട് ഇത് കാട്ടിക്കൊടുക്കുകയും ചെയ്ത സ്ത്രീയാണ് 'ഏലിക്കുട്ടി സാർ.'

### പാരമ്പര്യത്തിന്റെ പശ്ചാത്തലം

ഇതിനൊക്കെ പാരമ്പര്യത്തിന്റെ ഒരു പശ്ചാത്തലമുണ്ട്. ഈ മഹതിയുടെ പിതാവ് എണ്ണംപ്ലാശ്ശേരിൽ ലൂക്കാ സാർ ഒരു പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്ററായിരുന്നു. സ്ത്രീവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുകയും മതവിശ്വാസത്തെ മുറുകെപ്പിടിക്കുകയും ചെയ്തിരുന്ന അദ്ദേഹം ഉഴവൂർ പള്ളിയെക്കുറിച്ച് രചിച്ച 'പാരിടമഴകിൽ പരിപാലിക്കാൻ' എന്നു തുടങ്ങുന്ന ഗാനം ആ നാട്ടുകാർ എന്നും പ്രിയതരമായി കരുതിപ്പോരുന്നു. യേശു പറഞ്ഞ നല്ല സമരിയാക്കാരന്റെ കഥ (ലൂക്ക 10:25-37)യിലൂടെയാണത്രേ അദ്ദേഹം 'കരുണയുള്ളവളായിരിക്കുക' എന്ന സന്ദേശം മകൾക്കു പകർന്നുകൊടുത്തത്. അനുഭാവപൂർവ്വം മറ്റുള്ളവരോട് പെരുമാറാനുള്ള മനസ്സ് ആ മകളിൽ രൂപപ്പെട്ടു വന്നതെങ്ങനെയെന്നു വ്യക്തം.

1925-ലായിരുന്നു 'ഏലിക്കുട്ടി ആന്റി'യുടെ ജനനം. പെൺകുട്ടികൾ അടുക്കളയുടെ തടവറയിൽ കഴിയാൻ വിധിക്കപ്പെട്ടിരുന്ന കാലം.



ജെയിംസ് ജോസഫ് കാരക്കാട്ട്
(ലേഖകൻ)

"Full many a flower is born to blush unseen
And waste its fragrance on the desert air"

എന്ന ആംഗലേയ കവി തോമസ് ഗ്രേയുടെ വരികൾ (Elegy Written in a Country Churchyard) അക്കാലത്ത് നമ്മുടെ നാട്ടിലെ പെൺകുട്ടികൾ അനുഭവിച്ചിരുന്ന അവസ്ഥയെയും സൂചിപ്പിക്കുന്നു.

ആരാലും ശ്രദ്ധിക്കപ്പെടാതെ കൊഴിഞ്ഞു പോകാമായിരുന്ന ഒരു കാട്ടുപൂവാണ്, പഠിച്ച്, നാഗ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ ബി.എ ബിരുദം നേടുകയും അക്കാലത്ത് സ്ത്രീകൾ തീരെ കടന്നുചെല്ലാത്ത പൊതുഭരണ സർവ്വീസിൽ ജോലി നേടുകയും ചെയ്തത്. നേതൃത്വഗുണങ്ങളും സേവനമനോഭാവവും ഭരണനൈപുണ്യവും സമഞ്ജസ്സമായി സമ്മേളിച്ചിരുന്ന ആ വ്യക്തിത്വം മറ്റുള്ളവർ അസാദ്ധ്യമെന്നു കരുതുന്ന കാര്യങ്ങളിൽ സാദ്ധ്യതയുടെ നാമ്പുകൾ കണ്ടെത്തുന്നതിൽ അസാമാന്യമായ പാടവം പ്രദർശിപ്പിച്ചു. സമുദായവുമായുള്ള 'കണക്ട്' (connect) സജീവമായി നിലനിർത്തിക്കൊണ്ട് സാധാരണക്കാരായ മനുഷ്യർക്കു വേണ്ടി നിസ്വാർത്ഥമായ സേവനം അനുഷ്ഠിക്കുന്നതിൽ 'ഏലിക്കുട്ടി സാർ' എന്നും ജാഗരൂകയായിരുന്നു.

### പേപ്പൽ ബഹുമതി

അവരുടെ വ്യക്തിത്വത്തെയും സേവനങ്ങളെയും മാനിച്ചുകൊണ്ട് ജോൺപോൾ രണ്ടാമൻ മാർപാപ്പ 1988-ൽ 'Pro Ecclesia et Pontifice' എന്ന ബഹുമതി നല്കി ശ്രീമതി ഇ.എൽ. ഏലിക്കുട്ടിയെ ആദരിച്ചു. സാമൂഹിക സേവനത്തിന് അത്മായർക്കു നല്കുന്ന ഉയർന്ന ബഹുമതികളിലൊന്നാണിത്.

71 വയസ്സുള്ളപ്പോൾ, 1997 ജൂലൈ 18-ാം തീയതി അവർ അന്തരിച്ചു. ആ ധന്യ ജീവിതത്തിലേക്കു തിരിഞ്ഞുനോക്കുമ്പോൾ ഒരു ബൈബിൾ വാക്യം എന്റെ ഓർമ്മയിൽ വരുന്നു. സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള അദ്ധ്യായത്തിൽ പറയുന്നു: "കർത്താവിന്റെ കരം അവനോടു കൂടെ ഉണ്ടായിരുന്നു" (ലൂക്ക 1:66) നിസ്സംശയം പറയാം. കർത്താവിന്റെ കരം എന്നും ആന്റിയോടു കൂടെ ഉണ്ടായിരുന്നു. അതുകൊണ്ടാണ് ഔദ്യോഗിക ജീവിതവും കുടുംബത്തോടുള്ള ഉത്തരവാദിത്തങ്ങളും സാമൂഹികസേവനവും ഇത്ര മനോഹരമായി ബാലൻസ് ചെയ്തുകൊണ്ട് പോകാൻ ആന്റിക്കു കഴിഞ്ഞത്. ശാക്തീകരിക്കപ്പെട്ട സ്ത്രീത്വത്തിന്റെ പ്രതീകമാണവർ. 'കരിയറി'ന്റെ 'ഭാരം ചുമക്കുന്ന' സ്ത്രീകൾക്ക് ഒരു മാതൃകയും. സേവനോത്സുകമായ ഒരു ജീവിതശൈലി സ്വീകരിക്കുന്നതിന് വരുംതലമുറകൾക്ക് പ്രചോദനം നല്കുന്ന ആ ദീപ്ത സ്മരണയെ ഈ ദിവസങ്ങളിൽ കൂടുതൽ പ്രോജ്വലമാക്കുന്നത് ഏലിക്കുട്ടി ആന്റിയുടെ ജന്മദിനം ഡിസംബർ 11 ആണെന്നുള്ള വസ്തുതയാണ്.